നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

1979 ഒക്ടോബർ 8, തിങ്കൾ

വാല്യം XLVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 1979 ഒക്ടോബർ 8-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

മുഖ്യമന്ത്രിയുടെ പ്രസ്താവന

മന്ത്രിസഭ രാജിവച്ചതിനെ സംബന്ധിച്ച്

മുഖ്യമന്ത്രി ശ്രീ. പി. കെ. വാസുദേവൻ നായർ ചെയ്ത പ്രസ്താവന

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, എന്റെ നേതൃത്വത്തിലുള്ള ഗവൺമെൻറ് രാജിവച്ചിരിക്കുകയാണ്. ആ നിലക്ക് ഇന്ന് ഗവൺമെൻറിനുവേണ്ടി ബിസിനസ് ഒന്നും സഭയിൽ നടത്താനില്ല. അതുകൊണ്ട് സഭ പിരിയണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ: എന്നെ സ്പീക്കറായി തെരഞ്ഞെടുത്തപ്പോൾ അങ്ങ് അന്ന് അനുമോദനപ്രസംഗത്തിൽ പറഞ്ഞ ഒരു വാചകം ഞാൻ ഇന്ന് ഓർമ്മിച്ചുപോകുകയാണ്. അന്ന് അങ്ങ് പറയുകയുണ്ടായി: 'അങ്ങ് ഒരു ചെസ് വിദഗ്ദ്ധനാണ്, എന്ത് തെറ്റായ നീക്കങ്ങൾ നടന്നാലും ഒരു കാഴ്ചക്കാരനായി ഇരുന്നു കാണുകയല്ലാതെ ഒന്നും ചെയ്യരുത്'' എന്ന്. അത് ഇന്ന് അനർത്ഥമായിരിക്കുകയാണ്. മുഖ്യമന്ത്രി രാജിവച്ച സ്ഥിതിക്ക് ഇന്ന് ഒരു ഗവൺമെൻറ് നിലവിലില്ല. ഒരു അനിശ്ചിതാവസ്ഥയിൽ എത്തിച്ചേർന്നിരിക്കുകയാണ്. ഈ അനിശ്ചിതാവസ്ഥയിൽ അനിശ്ചിതകാലത്തേക്ക് സഭ നിറുത്തിവച്ചതായി പ്രഖ്യാപിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും നമസ്ക്കാരം.

(രാവിലെ 8.32-ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly